Mr. C. J. Mathew *(Joint Secretary to Government):* I shall answer that question. Government received two reports from the Director of Public Instruction. On the first report it was ordered that no action was necessary. After the second report was received, Government ordered a whole sale reorganisation and accordingly a Committee was appointed to go into the question.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ വാല്വാ സ്റ്റീം ഇൻഡ്യയിൽ എവിടെയെങ്കിലും ഇപ്പോൾ നടത്തുന്നുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: നോട്ടീസ്സു വേണം.

മിസ്റ്റർ എം. കെ. രാജാ: കോഡു റിവിഷൻ കമ്മിറ്റി വാല്വാ സ്റ്റീമിനെപ്പറ്റി അതിൽ വിദഗ്ദ്ധന്മാരായ വല്ലവരുമായിട്ട് ആലോചിച്ചിട്ടുണ്ടോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: വാല്വാ സ്റ്റീമിനെപ്പറ്റി ആലോചിക്കുന്നതിനു വിദഗ്ദ്ധനായി മദ്രാസ്സ് ഗവണ്മെണ്ടിന്റെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഒരാളുണ്ടായിരുന്നു.

മിസ്റ്റർ എം. കെ. രാജാ: അതാരാണ്?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഷെവലിയർ സി. ജെ. വക്കി. അതിൽ കൂടുതലായി ഒരാളെ വിളിച്ചു അന്വേഷിക്കണമെന്ന അഭിപ്രായം ഗവണ്മെണ്ടിനുണ്ടായിരുന്നില്ല.

PERUNTHODE BRIDGE—DAMAGED CONDITION OF

164. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റോഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) അരീക്കോട്ട്-അരാകുളം റോഡിലെ പേരുന്തോട്ടു പാലം കേടുവന്നിട്ടു എത്ര കൊല്ലമായി;

(ബി)ടെമ്പററി പാലങ്ങൾ എത്ര തവണ ഗവണ്മെണ്ടു ഉണ്ടാക്കിയിട്ടുണ്ട്;

(സി) ടെമ്പററി പാലങ്ങൾക്കായി ഗവണ്മെണ്ടിനോ പഞ്ചായത്തിനോ ചിലവായിട്ടുള്ള സംഖ്യയുടെ ഒരു സ്റ്റേറ്റുമെണ്ടു തരാമോ?

Mr. V. K. Aravindaksha Menon *(Chief Engineer):*

(*a*) 4 years.

(*b*) Twice.

(*c*) The Government have spent Rs. 319—13—0.

Mr. P. A. Muhamed Ashrof *(Cranganur):* May I know, Sir, whether Government be pleased to take up the work as early as possible?

Mr. V. K. Aravindaksha Menon *(Chief Engineer):* Yes.

REPAIRS TO ROAD AFTER LAYING PIPES—RESPONSIBILITIES REGARDING

165. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം ഉത്തരം നല്കുവാൻ ദയവുണ്ടാകുമോ.—

(എ) റോഡുകളും വെട്ടിപ്പൊളിച്ചു് വെള്ളകുഴലുകളും ഇട്ടുകഴിഞ്ഞാൽ ആ റോഡു പൂർവ്വസ്ഥിതിയിൽ നന്നാക്കിയിടേണ്ടതു് കൺട്രാക്ടരുടേയോ മുനിസിപ്പാലിറ്റിയുടേയോ കടമയല്ലേ;

(ബി) കൺട്രാക്ടരുടേതാണെങ്കിൽ അങ്ങിനെ കൺട്രാക്ടരേക്കൊണ്ടു് റോഡു് നന്നാക്കിക്കുവാൻ കടപ്പെട്ടവർ ആരാണു്;

(സി) എറണാകുളത്തെ റോഡിൽ പൈപ്പിടുന്നതിനു് ആക്കാണു് കൺട്രാക്കു് നൽകിയിട്ടുള്ളതു്. ചെയർമാൻ ഈ വെള്ളക്കുഴൽ ഇടുന്നതിനു് ഉള്ള കൺട്രാക്ടർമാരിൽ ഒരാളാണോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) റോഡു് പൂർവ്വസ്ഥിതിയിൽ കൊണ്ടുവരേണ്ടതു് കൺട്രാക്ടരുടെ മുമതലയാണു്.

(ബി) വാട്ടർ വർക്സ് അസിസ്റ്റൻറ് എഞ്ചിനീയരും അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരും.

(സി) 6 ഇഞ്ചു് പൈപ്പിടുവാൻ മേത്തർ ആൻറ് കമ്പനിയേയും, 3 ഇഞ്ചു് പൈപ്പിടുവാൻ മി. എം. നാണുമേനോനേയും സപ്ലീസ് കണക്ഷൻ പണികളും സി. ഇ. രാമനേയും ഏല്പിച്ചിരിക്കുന്നു. മിസ്റ്റർ എം. നാണുമേനോൻ എറണാകുളം മുനിസിപ്പാൽ ചെയർമാനും ആണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ഈ സംഗതിയെ സംബന്ധിച്ചു ചില ആക്ഷേപങ്ങൾ "കൊച്ചിൻമെയിൽ" പത്രത്തിൽ ഉണ്ടായിരുന്നതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ആറിഞ്ചു പൈപ്പിന് ഒരടിക്ക് എത്ര rate ആണ് കൊടുത്തിട്ടുള്ളതു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒരടിക്ക് ഒരുറുപ്പികയാണ്.

മിസ്റ്റർ ജോസ് കെ. വള്ളീസ്: ഫൈവ് ഇഞ്ചിന്റെ എത്ര rate ആണ്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഫൈവ് ഇഞ്ചിന്റെ കൊടുത്തുകഴിഞ്ഞിട്ടില്ല. ഒരടിക്ക് ഒരുറുപ്പിക നാലണയാണ്.

മിസ്റ്റർ ജോസ് കെ. വള്ളീസ്: ഈ പണി ടെണ്ടർ വിളിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ൻ ഇഞ്ച് പൈപ്പിടുവാനുള്ള പണി മിലിട്ടറിക്കാരുടേതാണ്. അവരോട് ആലോചിച്ചിട്ട് സ്റ്റാൻറിംഗ് കൺട്രാക്ടർക്ക് കൊടുത്തതാണ്.

മിസ്റ്റർ ജോസ് കെ. വള്ളീസ്: സ്റ്റാൻറിംഗ് കൺട്രാക്ടർമാർ വേറെയില്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഈ പണി വളരെ അടിയന്തിരമായിട്ടുള്ളതായിരുന്നു. അതുകൊണ്ടാണ് ടെണ്ടർ വിളിക്കാതെ ഇയ്യാളെ ഏല്പിച്ചതു.

മിസ്റ്റർ പി. കെ. ഡീവർ: പൈപ്പിട്ടതിനുശേഷം റോഡ് പൂർവ്വസ്ഥിതിയിൽ നന്നാക്കി ശരിപ്പെടുത്താഞ്ഞതിനു ഗവൺമെണ്ടു് എന്തു് നടപടിയെടുത്തു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: റോഡ് പൂർവ്വസ്ഥിതിയിൽ ശരിയാക്കിയിടാഞ്ഞതിനു കൺട്രാക്ടരെ ശിക്ഷിച്ചിട്ടുണ്ടു്.

മിസ്റ്റർ ജോസ് കെ. വള്ളീസ്: ആറിഞ്ചു് പൈപ്പിന്റെ weight എന്തായിരുന്നു? പന്ത്രണ്ടിഞ്ചു പൈപ്പിന്റെ weight എന്തായിരുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ആറിഞ്ചിന്റെ പൈപ്പിനു weight കുറവായിരിക്കും.

മിസ്റ്റർ കെ. ടി. അച്യുതൻ: ആറിഞ്ചു് പൈപ്പിട്ടതിന്റെ പണം കൊടുത്തുകഴിഞ്ഞുവോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വു്.

മിസ്റ്റർ പി. കെ. ഡീവർ. വേറെ വല്ലവർക്കും കൺട്രാക്ടു് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: രണ്ടു പേർക്കായിട്ടാണ് കൺട്രാക്ടു്-കൊടുത്തതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ആറിഞ്ചു് പൈപ്പിന്റെ ദൂരം എത്ര നാഴികയാണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ആലുവായിൽനിന്നു എറണാകുളംവരെ ദൂരമുണ്ടു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: കൊച്ചിയിലെ ഏറ്റവും വലിയ വിദഗ്ധ കൺട്രാക്ടർ ഇദ്ദേഹം മാത്രമാണെന്നാണോ ഗവൺമെൻറ് വിചാരിക്കുന്നതു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇതൊരു അടിയന്തിരപണിയാണ്. അതുകൊണ്ടു് അതു വേഗം ചെയ്തീർക്കുന്നതിനു ഡിപ്പാർട്ടുമെൻറിനു വിശ്വാസമുള്ള ഈ ആൾക്കു കൊടുത്തു എന്നേയുള്ളു.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: ഇദ്ദേഹമല്ലാതെ വേറെ കൺട്രാക്ടർ ഉണ്ടായിരുന്നില്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

മിസ്റ്റർ ജോസ് കെ. വള്ളീസ്: ഇപ്പോഴുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

മിസ്റ്റർ ജോസ് കെ. വള്ളീസ്: ചീഫ് എഞ്ചിനീയരുടെ മേശപ്പുറത്തു ഇവിടത്തെ സ്റ്റാൻറിംഗ് കൺട്രാക്ടർമാരുടെ ഒരു ലിസ്റ്റുണ്ടായിരുന്നുവെങ്കിൽ അതു നോക്കിക്കൊടുക്കുവാൻ പാടില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ലിസ്റ്റുണ്ട്. ഇപ്പോളായിരുന്ന അതിന്റെ ഏറ്റവും പറ്റിയ ആൾ.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: മരടി പൈപ്പിന്റെ ഒരുപ്പടികവെച്ചു കൺട്രാക്ട് കൊടുത്തതിനുശേഷം അതു് സൂപ്പർവൈസ് ചെയ്യാമെന്നുപറഞ്ഞു ആരെങ്കിലും വരുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

VYPEEN PALLIPURAM—SEA-EROSION

166. മിസ്റ്റർ എം. കെ. വർഗ്ഗീസ്:

(എ) വൈപ്പിൻ പള്ളിപ്പുറം കരയിൽ കടൽതീരത്തു ഏതെങ്കിലും ഭാഗത്തു കര എടുത്തുപോയിട്ടുണ്ടോ, ഏതെല്ലാം ഭാഗത്താണു്;

(ബി) ഈ കടലാക്രമണം തുടങ്ങിയതു് എന്നുമുതലാണു്. അതു തടയുവാൻ ഇതുവരെ എന്തെല്ലാം നടപടികളാണു് ഗവൺമെണ്ടു സ്വീകരിച്ചിട്ടുള്ളതു്;

(സി) കടലാക്രമണംമൂലം പ്രതിവർഷം ഉണ്ടാകുന്ന നഷ്ടത്തെപ്പറ്റി ഗവൺമെണ്ടു് എന്തെങ്കിലും കണക്കെടുത്തിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) കുറെ കൊല്ലങ്ങളായിട്ടു വൈപ്പിന്റെ വടക്കുഭാഗം കരയെടുപ്പു് പറയത്തക്കതായി ഒന്നും ഉണ്ടായിട്ടില്ല. എന്നാൽ ഈ കൊല്ലത്തിൽ ഞാറക്കൽ, നായരമ്പലം വില്ലേജുകളിൽ കുറച്ചു കരയെടുപ്പു് ഉണ്ടായിട്ടുണ്ടു്. പള്ളിപ്പുറം വില്ലേജിന്റെ വടക്കേ അറ്റത്തു ഇക്കൊല്ലം കടൽ പൊട്ടി ഒഴുകുകയുണ്ടായി.

(ബി) ഒരുകാലത്തു ഓച്ചന്തുരുത്തിലും എടവനക്കാടും കഠിനമായി കടലെടുപ്പുണ്ടായിരുന്നു. ആ പ്രദേശങ്ങളിൽ ഒലിമുട്ടുകൾ ഇടുകയും മറ്റും ചെയ്തു ഭൂമിയെ രക്ഷിക്കുകയുണ്ടായി. ഇക്കൊല്ലം ഞാറക്കലും നായരമ്പലത്തും ഒലിമുട്ടുകൾ ഇടുവാനായി ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

(സി) ഇല്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: പള്ളിപ്പുറം വില്ലേജിലെ കടലാക്രമണം നിറുത്തുവാൻ വല്ല ഒലിമുട്ടുകളും ഇടുന്നതിനു ആലോചനയുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇപ്പോൾ നായരമ്പലത്താണു് ഇടുന്നതു്. പള്ളിപ്പുറത്തു ഇപ്പോൾ ചെയ്യുവാൻ ആലോചനയില്ല.

മിസ്റ്റർ എം. ഐ. പോൾ: നായരമ്പലത്തിടുവാൻ തീർച്ചയാക്കീട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വു്.

മിസ്റ്റർ എം. ഐ. പോൾ: നായരമ്പലത്തു എത്ര മുട്ടുകളാണു് ഇടുന്നതു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മൂന്നു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: ചെല്ലാനം മുതലായ സ്ഥലത്തു ഇടുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ ഇടുകഴിഞ്ഞു.

മിസ്റ്റർ ജി. എസ്സു്. ധാരാസിഗു്: ചെല്ലാനം കടൽതീരത്തും കടലാക്രമണം തടഞ്ഞുനിറുത്തുവാൻ ഒലിമുട്ടുകൾ ഇടുവാൻ തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ ഗ്രോയിൻസു് ഇടുവാനാണു് തീർച്ചയാക്കിയിരിക്കുന്നതു്.

മിസ്റ്റർ ജി. എസ്സു്. ധാരാസിംഗു്: ഗ്രോയിൻസു് മാത്രമാണോ ഇടുവാൻ തീർച്ചയാക്കീട്ടുള്ളതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതെ.

മിസ്റ്റർ ജി. എസ്സു്. ധാരാസിംഗു്: ഒലിമുട്ടുകൾ ഇട്ടുകൊണ്ടു് കടലാക്രമണത്തെ തടുക്കുവാൻ സാധിക്കുമെന്നു ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നായരമ്പലത്തു അതുപോലെയാണു് ഇടുന്നതു്.

Mr. L. M. Pylee *(Latin-Christians Ernakulam)*: Are these groynes parallel to the shore or at right angles?

LIBRARY ARCHIVES Kerala Legislative Assembly